"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിലെ പുല്ലൂർ വിഷ്ണുമൂർത്തി ക്ഷേത്രത്തിന്റെ ഉടമസ്ഥതയിൽ ഉള്ള കുളം നവീകരിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കാൻ പുല്ലൂർ പെരിയ ഗ്രാമ പഞ്ചായത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.295/2023/LSGD തീയതി,തിരുവനന്തപുരം, 01-02-2023

---

പരാമർശം:-

1. പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24.09.2022--ലെ തീരുമാനം നമ്പർ 4/1
2. പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07.10.2022-ലെ 8974/21/SC3 നമ്പർ കത്ത്
3. 09.01.2023-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗത്തിലെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.68

**ഉത്തരവ്**

പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിലെ പുല്ലൂർ വിഷ്ണുമൂർത്തി ക്ഷേത്രത്തിന്റെ ഉടമസ്ഥതയിൽ ഉള്ള കുളം എല്ലാക്കാലത്തും ജലലഭ്യത ഉള്ളതാണ്. ഭൂഗർഭ ജല ലഭ്യത കുറവുള്ള പുല്ലൂർ പെരിയ പ്രദേശത്തു സ്ഥതി ചെയ്യുന്ന ജീർണ്ണാവസ്ഥയിൽ ഉള്ള പ്രസ്തുത കുളം നവീകരിച്ച് ജലലഭ്യത ഉറപ്പാക്കിയാൽ പ്രദേശവാസികൾക്കും പഞ്ചായത്തിനും ഉപകാരപ്രദമാകും എന്നതിനാലും കുളം നാട്ടുകാർക്ക് ഉപയോഗിക്കുന്നതിനും കൃഷി ആവശ്യത്തിനും വെള്ളം ലഭ്യമാക്കുന്നതിന് വിട്ടുനല്കുന്നതിനു തയാറാണ് എന്ന് ക്ഷേത്രം ഭാരവാഹികൾ അറിയിച്ചിട്ടുള്ളതിനാലും കുളം നവീകരിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കാൻ (പ്രോജക്ട് നമ്പർ 241/2022, ഓത്തുകുളം പള്ളം - കുളം ജലസംരക്ഷണ പദ്ധതി , അടങ്കൽ തുക: 19,24,780/-രൂപ - CFC ടൈഡ് ഫണ്ട്: 5,24,780/- രൂപ, ജില്ലാപഞ്ചായത്ത് വിഹിതം:14,00,000/- രൂപ) അനുമതി നല്കികണമെന്ന അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (1) ന്റെ അടിസ്ഥാനത്തിൽ പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരിഗണിച്ചിരുന്നു.

2. കുളം സംരക്ഷിക്കുന്നത് ജലസംരക്ഷണത്തിന്റെ ഭാഗമാണ് എന്നതിനാൽ എല്ലാവിഭാഗത്തിൽപ്പെട്ട പൊതു ജനങ്ങൾക്കും കുളത്തിന്റെ ഉപയോഗം ലഭ്യമാക്കണമെന്ന് ക്ഷേത്രഭാരവാഹികളും ഗ്രാമപഞ്ചായത്തും തമ്മിൽ രജിസ്റ്റർ ചെയ്തുകൊണ്ടുള്ള കരാറിൽ ഏർപ്പെടണമെന്ന നിബന്ധന പാലിക്കേണ്ടതാണ് എന്ന വ്യവസ്ഥയിൽ പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിലെ പുല്ലൂർ വിഷ്ണുമൂർത്തി ക്ഷേത്രത്തിന്റെ ഉടമസ്ഥതയിൽ ഉള്ള കുളം നവീകരിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കാൻ അനുമതി നൽകുന്നതിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരാമർശം (3) പ്രകാരം തീരുമാനിച്ചിരുന്നു.

സ.ഉ.(സാധാ) നം.295/2023/LSGD

3.സർക്കാർ ഇക്കാര്യം പരിശോധിച്ചു. കുളം സംരക്ഷിക്കുന്നത് ജലസംരക്ഷണത്തിന്റെ ഭാഗമാണ് എന്നതിനാൽ എല്ലാവിഭാഗത്തിൽപ്പെട്ട പൊതു ജനങ്ങൾക്കും കുളത്തിന്റെ ഉപയോഗം ലഭ്യമാക്കണമെന്ന് ക്ഷേത്രഭാരവാഹികളും ഗ്രാമപഞ്ചായത്തും തമ്മിൽ രജിസ്റ്റർ ചെയ്തുകൊണ്ടുള്ള കരാറിൽ ഏർപ്പെടണമെന്ന നിബന്ധന പാലിക്കേണ്ടതാണ് എന്ന വ്യവസ്ഥയിൽ പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിലെ പുല്ലൂർ വിഷ്ണുമൂർത്തി ക്ഷേത്രത്തിന്റെ ഉടമസ്ഥതയിൽ ഉള്ള കുളം നവീകരിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കാൻ പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA.R.S.
ജോയിന്റ് സെക്രട്ടറി

പ്രസിഡന്റ് / സെക്രട്ടറി, പുല്ലൂർ - പെരിയ ഗ്രാമപഞ്ചായത്ത്, കാസറഗോഡ്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ (റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA) വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്